| മാസം | 2003-2004 (രൂപ കോടിയിൽ) | 2004-2005 (രൂപ കോടിയിൽ) (ഡിസംബർ 31 വരെ) |
|---|---|---|
| ഒക്ടോബർ | 40.53 | 44.95 |
| നവംബർ | 35.38 | 41.12 |
| ഡിസംബർ | 43.24 | 55.18 |
| ജനുവരി | 38.96 | .. |
| ഫെബ്രുവരി | 36.73 | .. |
| മാർച്ച് | 16.25 | .. |

വിൽപ്പന നികുതിയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ബിവറേജസ് കോർപ്പറേഷൻ മുഖേനയുള്ള മദ്യവിൽപ്പനയിലൂടെ സർക്കാരിന് ലഭിച്ച വിവിധ ഇനം വരുമാനത്തിന്റെ വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

## വ്യാജമദ്യത്തിന്റെ ഉപയോഗം

51 [226] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യാജമദ്യം കഴിച്ച് എത്ര പേർ മരണമടഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) വ്യാജമദ്യം വില്പന നടത്തിയതു സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ കുപ്പണ എന്ന സ്ഥലത്ത് വിഷമദ്യം കഴിച്ച് ഏഴ് പേരും തൃശ്ശൂരിൽ പുല്ലഴി എന്ന സ്ഥലത്ത് മെത്തിലേറ്റഡ് സ്പിരിറ്റ് കഴിച്ച് മൂന്ന് പേരും മരിച്ചിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പ് കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. പോലീസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) എക്സൈസ് വകുപ്പ് 19,028 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly